# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **400** | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.യും സാമ്പത്തിക ഞെരുക്കവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടായ മാറ്റം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്.<br>ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹത തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ടതായ നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയത് ധനസ്ഥിതിയെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം മറികടക്കുന്നതിന് സ്വീകരിച്ചിരുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ആയതിനാൽ നികുതിനഷ്ടം ഉണ്ടായതായി കണക്കാക്കാൻ കഴിയില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനം സ്വീകരിച്ച ഏതെങ്കിലും നടപടികളിലെ അപാകതകൾ സാമ്പത്തിക ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന് കാരണമെന്ന് വിശദമാക്കുമോ? | (സി) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ സംസ്ഥാനം സ്വീകരിച്ച നടപടികളിൽ അപാകതകളൊന്നുമുണ്ടായിട്ടില്ലാത്തതിനാൽ അപ്രകാരം നിലവിൽ സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടില്ല.<br>മാസാദ്യം ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ പകുതിയിലേയ്ക്ക് മാറ്റിയതും, ജി.എസ്.ടി നഷ്ടപരിഹാരത്തുക ദ്വൈമാസികമായിട്ടാണ് ലഭിക്കുന്നത് എന്നതും ഞെരുക്കത്തിന് കാരണമായി. സംസ്ഥാന സർക്കാരിന്റെ പബ്ലിക്ക് അക്കൗണ്ട് കണക്കുകൾ അനുവദനീയ വായ്പാ പരിധിയിൽ പെടുത്തുകയും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ കമ്പോള വായ്പ അനുവദിക്കാൻ കഴിയില്ല എന്ന് ചരിത്രത്തിൽ ആദ്യമായി കേന്ദ്ര സർക്കാർ നിലപാടെടുത്തതും വലിയ ആശങ്ക ജനിപ്പിച്ചിരുന്നു. യഥാസമയം നടപടികൾ സ്വീകരിച്ച് ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**